(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആഗോള നിക്ഷേപക സമ്മേളനം

1 [418] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. ജയരാജൻ:
ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപക സമ്മേളന (ജിം)-ൽ ധാരണാപത്രത്തിൽ ഒപ്പുവച്ച പദ്ധതികളെല്ലാം യാഥാർത്ഥ്യമായിട്ടുണ്ടോ; യാഥാർത്ഥ്യമായ പദ്ധതികളെക്കുറിച്ചും അതുവഴി ഇതിനകം ഉണ്ടായ മൊത്തം നിക്ഷേപം സംബന്ധിച്ചും വിശദമാക്കാമോ; ഇതിന്റെ ഭാഗമായി എത്രപേർക്ക് പുതുതായി ജോലി ലഭ്യമാക്കാൻ സാധിച്ചു;

(ബി) ജിം സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളും നിക്ഷേപവും എന്തൊക്കെയായിരുന്നു; അവയിൽ ഇതിനകം എന്തെല്ലാം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ജിം-ൽ ധാരണാപത്രം ഒപ്പുവച്ച പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; പദ്ധതികൾ ഏതൊക്കെയാണ്; എല്ലാംകൂടി എത്ര കോടിയുടെ നിക്ഷേപം പ്രതീക്ഷിക്കാം;

(ഡി) സാധാരണഗതിയിൽ പ്രതിവർഷം സംസ്ഥാനത്ത് ശരാശരി എത്ര കോടിയുടെ സ്വകാര്യ നിക്ഷേപം വരുമായിരുന്നു; അതിൽ കൂടുതൽ നിക്ഷേപം ജിം വഴി സാധ്യമായിട്ടുണ്ടോ?

ഉത്തരം

(എ) ജിം-ൽ ഒപ്പുവച്ച 96 ധാരണാപത്രങ്ങളിൽ പലതും യാഥാർത്ഥ്യമായി വരുന്നുണ്ട്. ഇതിനോടകം 11 പദ്ധതികൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. അവയുടെ ആകെ നിക്ഷേപം 121.25 കോടി രൂപയും ജോലി ലഭിച്ചത് 857 പേർക്കുമാണ്.

(ബി) ജിം സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഏകദേശം പതിനായിരം കോടി രൂപയിൽ കൂടുതൽ നിക്ഷേപം പ്രതീക്ഷിക്കുന്ന ഇനി പറയുന്ന പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

1. നാഷണൽ തെർമ്മൽ പവർ കോർപ്പറേഷന്റെ (NTPC) കായംകുളം തെർമ്മൽ പ്ലാന്റിന്റെ ഉത്പ്പാദന ശേഷി വികസനം 6000 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. കൊച്ചി റിഫൈനറിയുടെ വികസനം 2600 കോടി രൂപ.

3. നാഷണൽ മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനും (NMDC) ഇന്ത്യൻ റെയർ എർത്ത്സ് (IRE)-മായി ചേർന്നുള്ള സംസ്കരണം 1850 കോടി രൂപ. ഇവയ്ക്കു പുറമേ ഏകദേശം 2000 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരുന്ന വല്ലാർപാടം കണ്ടയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നതായും അദ്ദേഹം പ്രഖ്യാപിച്ചു.

ഇതെല്ലാം മെഗാ പദ്ധതികളായതിനാൽ പൂർത്തീകരിക്കാൻ സമയമെടുക്കും. പ്രാഥമിക അനുമതി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. NTPC-യുടെ പ്രവർത്തനത്തിന് KSIDC-യുമായി ധാരണാപത്രം ഒപ്പുവച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) ജിം-ൽ ധാരണാപത്രം ഒപ്പുവച്ച പദ്ധതികളിൽ പലതും മെഗാ പദ്ധതികളായതിനാൽ അവ പൂർത്തിയാക്കുവാൻ കൂടുതൽ സമയമെടുത്തേക്കും. ജിം പദ്ധതികളിൽ ഇപ്പോൾ പുരോഗതിയുള്ളവയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.† അവയുടെ ആകെ നിക്ഷേപം ഏതാണ്ട് 10203 കോടി രൂപയാണ്.

(ഡി) കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ (1998-2003) ശരാശരി പ്രതിവർഷ നിക്ഷേപം 298.4 കോടി രൂപയായിരുന്നു. അതിലും കൂടുതൽ നിക്ഷേപം ജിം മുഖേന സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

'ജിമ്മി'ലൂടെ സ്ഥാപിക്കപ്പെട്ട വ്യവസായങ്ങൾ

2 [419] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജിം സംഘടിപ്പിക്കുവാൻ എന്തു തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ജിം-ൽ ഏതെല്ലാം വ്യവസായങ്ങൾ എത്ര രൂപ മൂലധനം നിക്ഷേപിക്കാൻ കരാർ ഒപ്പുവച്ചു എന്നും, ഏതൊക്കെ വ്യവസായങ്ങൾ എവിടെയൊക്കെ എത്ര മൂലധന ചെലവിൽ എന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) ജിം-ൽ കരാർ ഒപ്പിടുകയോ ധാരണ ഉണ്ടാകുകയോ ചെയ്ത ഏതെങ്കിലും വ്യവസായം സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വ്യവസായമെന്നും എവിടെയാണെന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly